# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2519 27.01.2014 - ൽ മറുപടിയ്ക്ക്

## മൃതസഞ്ജീവനി പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. കെ. ശിവദാസൻ നായർ | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് 'മൃതസഞ്ജീവനി പദ്ധതി'ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;<br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) & (ബി) | മൃതസഞ്ജീവനി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. മസ്തിഷ്കമരണം സംഭവിക്കുന്ന രോഗികളുടെ അവയവങ്ങൾ ആവശ്യമായി വരുന്ന രോഗികൾക്ക് മാറ്റിവയ്ക്കുന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അവയവങ്ങൾ തകരാറിലായി ജീവിതം വഴിമുട്ടിയവർക്ക് ഇത്തരത്തിൽ അവയവം ലഭിക്കുന്നതിലൂടെ ജീവിതം തിരിച്ചു കിട്ടുന്നു. അവയവങ്ങൾ ആവശ്യമുള്ളവർക്ക് രജിസ്റ്റർ ചെയ്ത് മുൻഗണനാക്രമത്തിൽ ലഭ്യമാക്കുന്നതിനായി 'KNOS' എന്ന വെബ്സൈറ്റ് പദ്ധതിയുടെ ഭാഗമായി ലഭ്യമാണ്. |
| (സി) രോഗികൾക്ക് അവയവദാനം നൽകി ജീവൻ രക്ഷിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള എന്തെല്ലാം നിർദ്ദേശങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) | മസ്തിഷ്കമരണം സംഭവിക്കുന്ന രോഗികളുടെ ബന്ധുക്കൾ പിന്തുണച്ചാൽ മാത്രമേ ഇത്തരത്തിൽ അവയവങ്ങൾ ലഭ്യമാകു. അതിനായി സമൂഹത്തെ ബോധവൽക്കരിക്കുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ഡി) പദ്ധതിക്കായി പ്രത്യേക ഫണ്ട് രൂപീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | സംസ്ഥാന വിഹിതമായി നൽകുന്ന തുകയാണ് പദ്ധതിക്ക് വിനിയോഗിച്ചു വരുന്നത് |

സെക്ഷൻ ഓഫീസർ